"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

<u>സംഗ്രഹം</u>

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് - മനോരമ ന്യൂസ്, മഴവിൽ മനോരമ, സീ കേരളം എന്നിവരുടെ നിരക്ക് പരിഷ്കരിച്ച് വിഷൽ മീഡിയാ ലിസ്റ്റിൽ ഉൾപ്പെടുത്തികൊണ്ടും, 24 ന്യൂസ് ചാനൽ, ഫ്ലവേഴ്സ് ചാനൽ, എ.സി.വി കേബിൾ ചാനൽ എന്നിവരുടെ നിലവിലുള്ള നിരക്ക് പരിഷ്കരിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (ഡി) വകുപ്പ്

സ.ഉ.(അച്ചടി) നം.2/2022/I&PRD തീയതി,തിരുവനന്തപുരം, 11-10-2022

---

പരാമർശം:-

1. 07.01.2019 -തീയതിയിലെ സ.ഉ (അച്ചടി) നം. 1/2019/ഐ & പി ആർഡി നം. സർക്കാർ ഉത്തരവ്
2. 26.08.2020 -തീയതിയിലെ സ.ഉ (സാധാ) നം. 109/2020/ഐ & പി ആർ ഡി നം. സർക്കാർ ഉത്തരവ്
3. സീ കേരളം സെയിൽസ് മാനേജർ 15.09.2020 -ൽ സമർപ്പിച്ച അപേക്ഷ
4. 26.02.2021 -തീയതിയിലെ സ.ഉ (അച്ചടി) നം. 3/2021/ഐ & പി ആർഡി നം. സർക്കാർ ഉത്തരവ്
5. 10.08.2021 -ലെ സ.ഉ (സാധാ) നം.126/2021/ഐ & പി ആർ ഡി നം. സർക്കാർ ഉത്തരവ്.
6. 02.08.2021-ാം തീയതിയിൽ എ.സി.വി കേബിൾ ചാനലും ഐ & പി ആർ ഡി ഡയറക്ടറുമായുള്ള റേറ്റ് കോൺട്രാക്ട്.
7. 12.08.2021-ാം തീയതിയിൽ സീ കേരളം ചാനലും ഐ & പി ആർ ഡി ഡയറക്ടറുമായുള്ള റേറ്റ് കോൺട്രാക്ട്.
8. എം.എം.ടിവി ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ സമർപ്പിച്ച അപേക്ഷ
9. ഫ്ളവേഴ്സ് , 24 ന്യൂസ് ചാനലുകളുടെ അഡ്വൈർടൈസ്മെന്റ് മാനേജർമാർ സമർപ്പിച്ച അപേക്ഷ
10. 10.06.2022 -ൽ മനോരമ ന്യൂസ്, മഴവിൽ മനോരമ , 24 ന്യൂസ്, ഫ്ളവേഴ്സ് എന്നീ ചാനലുകളും ഐ & പി ആർ ഡയറക്ടറുമായുള്ള റേറ്റ് കോൺട്രാക്ട്.

<u>ഉത്തരവ്</u>

സർക്കാർ പരസ്യങ്ങൾ ദൃശ്യമാധ്യമങ്ങളിൽ സംപ്രേഷണം ചെയ്യുന്നതുമായി ബന്ധപ്പെട്ട നയവും നടപടിക്രമങ്ങളും. മാർഗ്ഗനിർദ്ദേശങ്ങളും നിർദ്ദേശിച്ചു കൊണ്ടും വിഷൽ മീഡിയാലിസ്റ്റും

പരസ്യനിരക്കും പരിഷ്കരിച്ച്കൊണ്ടും പരാമർശം (4) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പരാമർശം (1) സർക്കാർ ഉത്തരവ് പ്രകാരമുള്ള തങ്ങളുടെ നിരക്ക് പരിഷ്കരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് മനോരമ ന്യൂസ്, മഴവിൽ മനോരമ എന്നീ ചാനലുകളും, പരാമർശം (4) സർക്കാർ ഉത്തരവ് പ്രകാരമുള്ള തങ്ങളുടെ നിരക്ക് പരിഷ്കരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് 24 ന്യൂസ്, ഫ്ലവേഴ്സ് എന്നീ ചാനലുകളും യഥാക്രമം പരാമർശം (8), (9) എന്നിവ പ്രകാരം അപേക്ഷ സമർപ്പിച്ചു.

പരാമർശം (2) സർക്കാർ ഉത്തരവ് പ്രകാരമുള്ള തങ്ങളുടെ നിരക്ക് പരിഷ്കരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് സീ കേരളം ചാനൽ പരാമർശം (3) പ്രകാരം അപേക്ഷ സമർപ്പിച്ചു. പരാമർശം (4) സർക്കാർ ഉത്തരവിൽ ഉൾപ്പെട്ടിട്ടുള്ള എ.സി.വി കേബിൾ ചാനലിന്റെ നിരക്ക് പരിഷ്കരിച്ചുകൊണ്ട് പരാമർശം (6) പ്രകാരം റേറ്റ് കോൺട്രാക്ട് ഒപ്പ് വെച്ചിരുന്നു. പ്രസ്തുത അപേക്ഷകൾ പരാമർശം (5) പ്രകാരം രൂപീകരിച്ച സ്റ്റാന്റിംഗ് കമ്മിറ്റി വിശദമായി പരിശോധിക്കുകയും, ടി ആറ് ചാനലുകളുടെ നിരക്ക് പരിഷ്കരിക്കരിച്ച് നൽകാൻ ശുപാർശ ചെയ്യുകയും ചെയ്തു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശുപാർശ **അംഗീകരിക്കുകയും ചെയ്തു. മനോരമ ന്യൂസ്, മഴവിൽ മനോരമ, സീ കേരളം എന്നീ ചാനലുകളുടെ നിരക്ക് പരിഷ്കരിച്ച്കൊണ്ട് ഇവരെ വിഷ്വൽ മീഡിയാ ലിസ്റ്റിൽ ഉൾപ്പെടുത്തികൊണ്ടും, 24 ന്യൂസ് ചാനൽ, ഫ്ലവേഴ്സ് ചാനൽ, എ.സി.വി കേബിൾ ചാനൽ എന്നിവരുടെ നിലവിലെ നിരക്ക് പരിഷ്കരിച്ച്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു. പ്രസ്തുത പരസ്യനിരക്കുകൾക്ക് മീഡിയാ ലിസ്റ്റ്/പരസ്യനിരക്ക് പരിഷ്കരണം സംബന്ധിച്ച പുതിയ ഉത്തരവ്** നിലവിൽ വരുന്നതുവരെ പ്രാബല്യം ഉണ്ടായിരിക്കും.

ചാനലുകൾക്ക് നിശ്ചയിച്ച് നൽകിയിട്ടുള്ള പരസ്യനിരക്ക്

| | | നിരക്ക് രൂപ (10) സെക്കന്റിന് | | | |
|---|---|---|---|---|---|
| **ചാനൽ** | **വിഭാഗം** | **പ്രൈംടൈം** | **നോൺ പ്രൈം ടൈം** | **ലേറ്റ് പ്രൈം ടൈം** | **നിരക്ക് പ്രാബല്യത്തിൽ വരുന്ന തീയതി** |
| മനോരമ ന്യൂസ് | NEWS CHANNEL | 4600/- | 2300/- | 1150/- | 10.06.2022 |
| മഴവിൽ മനോരമ | GEC TIER -1 | 14000/- | 7000/- | 3500/- | 10.06.2022 |
| 24 ന്യൂസ് ചാനൽ | NEWS CHANNEL | 4300/- | 2150/- | 1075/- | 10.06.2022 |
| ഫ്ലവേഴ്സ് ടി.വി | GEC TIER -1 | 13800/- | 6900/- | 3450/- | 10.06.2022 |
| **സീ കേരളം** | GEC TIER -1 | 5400 | 2700 | 1350 | 12.08.2021 |

| ചാനൽ | വിഭാഗം | പ്രൈംടൈം | നോൺ പ്രൈം ടൈം | നിരക്ക് പ്രാബല്യത്തിൽ വരുന്ന തീയതി |
|---|---|---|---|---|
| എ.സി.വി | കേബിൾ ചാനൽ | Rs. 1500/- (10 seconds) | Rs. 1000/- (10 seconds) | 02.08.2021 |
| | | Rs. 2000/- (20 seconds) | Rs. 1250/- (20 seconds) | |
| | | Rs.2500/- (30 seconds) | Rs.1625/- (30 seconds) | |
| | | Rs 2500/-+ (833/-- for every additional 10 seconds spots) (above 30 seconds) | Rs. 1625/- + (542/- for every additional 10 seconds spots) (above 30 seconds) | |

മേൽ പരാമർശിച്ചിട്ടുള്ള ആറ് ചാനലുകൾക്കും പരാമർശം (4) സർക്കാർ ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ള നിബന്ധനകൾ ബാധകമായിരിക്കും.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. വേണു വി ഐഎഎസ്
അഡീഷണൽ ചീഫ് സെക്രട്ടറി

മീഡിയാ ലിസ്റ്റിൽ ഉൾപ്പെട്ട എല്ലാ ടി.വി. ചാനലുകൾക്കും.
എല്ലാ വകുപ്പ് തലവൻമാർക്കും
സെക്രട്ടേറിയേറ്റിലെ എല്ലാ വകുപ്പുകൾക്കും
രജിസ്ട്രാർ, ഹൈക്കോടതി, എറണാകുളം
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ
എല്ലാ യൂണിവേഴ്സിറ്റി രജിസ്ട്രാർക്കും
ബോർഡുകൾ, കോർപ്പറേഷനുകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ,
സ്വയംഭരണസ്ഥാപനങ്ങൾ, സർക്കാർ മിഷനുകൾ, വിവിധ സർക്കാർ കമ്മീഷനുകൾ, സർക്കാർ ഉടമസ്ഥതയിലുള്ള കമ്പനികൾ എന്നിവയുടെ മേധാവികൾക്കും
ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
എല്ലാ മന്ത്രിമാരുടേയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്
അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
ഡി.പി.ആറിന്റെ സി.എ.യ്ക്ക്,
പരസ്യവിഭാഗം ഇൻഫർമേഷൻ ഓഫീസർ
പരസ്യവിഭാഗം ഡെപ്യൂട്ടി ഡയറക്ടർ
പരസ്യവിഭാഗം അഡീഷണൽ ഡയറക്ടർ

(പി) നം.2/2022/I&PRD

പി.ആർ.ഡി വെബ് സൈറ്റ്,

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.